| 12-09-2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ - നിങ്ങൾക്ക് 100 ശതമാനവും സർവ്വഗുണ സമ്പന്നരാകണം, മനസ്സാകുന്ന കണ്ണാടിയിൽ നോക്കണം, ഞങ്ങൾ എത്രത്തോളം പാവനമായി.**

**ചോദ്യം:-** നിങ്ങൾ കുട്ടികൾ ഏത് ഉത്സവമാണ് ദിവസവും ആഘോഷിക്കുന്നത്, മറ്റുള്ളവർ ഏത് ഉത്സവമാണ് ആഘോഷിക്കുന്നത് ?
**ഉത്തരം:-** നിങ്ങൾ ദേവീകധർമ്മത്തിന്റെ സ്ഥാപനയുടെ അതായത് ഭാരതത്തെ സ്വർഗമാക്കിമാറ്റുന്നതിന്റെ ഉത്സവം ദിവസവും ആഘോഷിക്കുന്നു. ദിവസവും നിങ്ങൾ മനുഷ്യനിൽ നിന്ന് ദേവതയാക്കുന്ന തൈ നടീൽ നടത്തുന്നു. അവർ മുൾകാടുകളുടെ തൈ നടീലാണ് നടത്തുന്നത്, വനമഹോത്സവം എന്ന് പേരും ഇടുന്നു. നിങ്ങൾ മുള്ളുകളിൽ നിന്ന് പൂക്കളാക്കി മാറ്റുന്ന ഉത്സവമാണ് ദിവസവും ആഘോഷിക്കുന്നത്. നിങ്ങളുടേത് പോലെയുള്ള ഉത്സവം മറ്റാർക്കും ആഘോഷിക്കാൻ സാധിക്കില്ല.

**ഗീതം:-** മുഖം നോക്കൂ ആത്മാവേ.....

**ഓം ശാന്തി.** ഇതാരാണ് പറഞ്ഞത്? ഇവിടെ ബാബയുടേയും കുട്ടികളുടേയും സന്മുഖത്തുള്ള കൂടിക്കാഴ്ചയാണ് നടക്കുന്നത്. കുട്ടികൾക്ക് ദിവ്യ നേത്രം, ജ്ഞാനത്തിന്റെ മൂന്നാം കണ്ണ് ലഭിച്ചിരിക്കുന്നു-കാണുന്നതിനുവേണ്ടി, കാരണം എല്ലാവരും പതിതർ അഥവാ പാപാത്മാക്കളായിരുന്നു. പതിതരേ പാവനമാക്കുന്നതിന് ബാബ ശ്രീമതം നൽകുന്നു. ഈ ശ്രീമതം നൽകുന്നത് ആരാണ് അവരേയും അറിയണം. അവർ തന്നേയാണ് ആത്മാക്കളോട് സംസാരിക്കുന്നത്. ഞാൻ ഈ ശരീരം ഉപയോഗിച്ച് നല്ല കർമ്മം ചെയ്തുവോ അതോ മോശം കർമ്മം ചെയ്തുവോ എന്ന് ആത്മാവ് മനസിലാക്കുന്നു. ബാബ നിങ്ങൾ കുട്ടികൾക്ക് മനസിലാക്കി തരുന്നു. എല്ലാവരും പതിതരായിരുന്നു എന്നത് തീർച്ചയാണ്. ഞങ്ങൾ എത്രത്തോളം പവിത്രമായിട്ടുണ്ട് എത്രമാത്രം ദേവീക ഗുണങ്ങൾ ധാരണ ചെയ്തിട്ടുണ്ട് എന്ന് നിങ്ങൾ ഇപ്പോൾ നോക്കൂ. ദൈവീക ഗുണം ധാരണ ചെയ്യിപ്പിക്കുന്ന സർവ്വ ഗുണ സാഗരനായ ബാബ ഇരുന്ന് മനസിലാക്കി തരുന്നു. നിർഗുണ ഹാരമായ എന്നിൽ യാതൊരു ഗുണവും ഇല്ല എന്ന് മനുഷ്യർ പാടുന്നു. എന്നിൽ ഗുണമൊന്നുമില്ല എന്ന് സ്വയം പറയുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ 100 ശതമാനം സർവ്വഗുണ സമ്പന്നരാകണം. സ്വയം മനസാകുന്ന കണ്ണാടിയിൽ നോക്കൂ എന്ന് പറയുന്നു. സർവ്വ ഗുണ സമ്പന്നനാകുമ്പോൾ മാത്രമേ നിങ്ങൾക്ക് ശ്രീ ലക്ഷ്മീ അഥവാ ശ്രീനാരായണനെ വരിക്കാൻ സാധിക്കൂ. ഏറ്റവും ആദ്യം ബാബയുടെ പരിചയം നൽകണം. അങ്ങ് തന്നെ മാതാവും പിതാവും എന്ന് പാടുന്നത് ആരേയാണോ ആ പരിധിയില്ലാത്ത അച്ഛനായ പരമാത്മാവിന് വളരെ മഹിമയുണ്ട്. ശിവായ നമ: എന്ന് പറയാറുണ്ട്, ഇപ്പോൾ ആ ശിവൻ സ്വർഗത്തിന്റെ രചയിതാവാണ്. തീർച്ചയായും നമുക്ക് സ്വർഗത്തിന്റെ സമ്പത്തെടുക്കുന്നതിന് അവകാശമുണ്ട്. പരിധിയില്ലാത്ത അച്ഛന്റെ സമ്പത്തായ സ്വർഗത്തിന്റെ ചകവർത്തീ പദവിയാണ് നമുക്ക് നൽകുന്നത്. ഭാരതത്തിന് സ്വർഗത്തിന്റെ ചക്രവർത്തീ പദവി ഉണ്ടായിരുന്നു, ഇപ്പോൾ ഇല്ല. തീർച്ചയായും ബാബയിൽ നിന്ന് തന്നേയാണ് ലഭിക്കുന്നത്. ഭാരതം തന്നെയാണ് സത്യഖണ്ഡമാകുന്നത്. ഇത് സത്യമായ ശിവബാബയുടെ ജന്മസ്ഥാനമാണ് എന്ന് ആർക്കും അറിയില്ല. ശിവരാത്രി എന്ന് പറയാറുണ്ട് അത് എങ്ങിനെയുള്ളതാണ്? കൃഷ്ണന്റെ രാത്രിയും ശിവന്റെ രാത്രിയും കാണിക്കുന്നു. കൃഷ്ണന്റെ ജന്മം അമ്മയുടെ ഗർഭ പാത്രത്തിൽ നിന്നാണ് ഉണ്ടായിരിക്കുന്നത്. ശിവ ബാബയുടെ ജന്മാഷ്ടമി എന്ന് പറയില്ല. ബ്രഹ്മാവിന്റെ രാത്രി ഉണ്ടാകുമ്പോഴാണ് ശിവബാബ വരുന്നത്. രാത്രിക്ക് ശേഷം പകൽ അതായത് കലിയുഗത്തിന്റെ അന്ത്യവും സത്യയുഗത്തിന്റെ ആരംഭവും ഉണ്ടാകുന്നു. ഇതിനേ ഘോരാന്ധകാര രാത്രി എന്ന് പറയുന്നു. ഇത് പരിധിയില്ലാത്ത കാര്യമാണ്. പരിധിയുള്ള രാത്രി ഉണ്ടാകുക തന്നെ ചെയ്യും എന്നാൽ കലിയുഗാന്ത്യത്തിനെ ഘോരാന്ധകാരം എന്ന് പറയുന്നു. ജ്ഞാനാഞ്ജനം സദ്ഗുരു നൽകി.... ജ്ഞാന സൂര്യനായ ബാബയേയാണ് സദ്ഗുരു എന്ന് പറയുന്നത്. ഏറ്റവും ആദ്യം ബാബയുടേയും സമ്പത്തിന്റേയും പരിചയം നൽകണം. ഏതെങ്കിലും ധനികൻ മക്കളില്ല എന്ന് വിചാരിക്കൂ, ഒരു ദരിദ്രന്റെ കുട്ടിയെ ദത്തെടുത്തു, കുട്ടിക്കറിയാം ഞാൻ ദരിദ്രനായിരുന്നു, ഇപ്പോൾ ഞാൻ ധനികന്റെ കുട്ടിയാണ് എന്ന്. നിങ്ങൾക്കും അറിയാം ഞങ്ങൾ രാവണന്റേതായതിലൂടെ വളരെ ദരിദ്രരും, പാപ്പരുമായി എന്ന് . ഇപ്പോൾ ഞങ്ങൾ പരിധിയില്ലാത്ത അച്ഛന്റേതായി. ആ അച്ഛനിൽ നിന്ന് ഞങ്ങൾക്ക് സ്വർഗത്തിലെ സമ്പത്ത് ലഭിക്കുന്നു. ഈ ജ്ഞാനം മറ്റാർക്കും നൽകാൻ സാധിക്കില്ല. സന്യാസിമാർ വീടും കുടുംബവും ഉപേക്ഷിച്ച് പോകുന്നു. അവർ അച്ഛൻ, അമ്മ, ചെറിയച്ഛൻ, മാമ എന്ന് പറയുന്നതിൽ നിന്ന് വിട്ട് പോകുന്നു, കഴിഞ്ഞു. ഇവിടെ ഗൃഹസ്ഥ ധർമ്മത്തിന്റെ കാര്യമാണ്. അവർ ഗൃഹസ്ഥ ധർമ്മം ഉപേക്ഷിക്കുന്നു.

നിങ്ങൾ കുട്ടികൾക്ക് ബാബ മനസിലാക്കി തരുന്നു – നിങ്ങൾ ദേവീ ദേവതമാർ ഗൃഹസ്ഥ ധർമ്മത്തിലായിരുന്നു, സർവ്വഗുണ സമ്പന്നരും, സമ്പൂർണ നിർവ്വികാരികളും ആയിരുന്നു, നിങ്ങൾ സ്വർഗത്തിലെ അധികാരികളും ആയിരുന്നു. പിന്നീട് നിങ്ങൾ പൂജ്യരിൽ നിന്നും പൂജാരിയായി സ്വന്തം പൂജയും ചെയ്യുന്നു. നിങ്ങൾ പൂജ്യ ദേവീ ദേവതമാരായിരുന്നപ്പോൾ നിങ്ങൾക്കവിടെ പൂജ ചെയ്യേണ്ട ആവശ്യമില്ലായിരുന്നു. അത് പോലെ തന്നെ ഭാരതവും ദേവീ ദേവതമാരുടെ പൂജ്യ കുലമായിരുന്നു. ഇപ്പോൾ പൂജ്യരിൽ നിന്ന് പൂജാരിയായി തീർന്നു. വീണ്ടും നിങ്ങൾ കുട്ടികൾക്ക് പൂജാരിയിൽ നിന്ന് പൂജ്യരായി തീരണം അതുകൊണ്ട് തന്നേയാണ് താങ്കൾ തന്നെ പൂജ്യരും, താങ്കൾ തന്നെ പൂജാരിയും എന്ന് മഹിമ പാടുന്നത്. ബാബ പൂജ്യനും, പൂജാരിയും ആകുന്നില്ല. ബാബ സദാ പൂജ്യൻ തന്നേയാണ്. ഭക്തിമാർഗത്തിൽ ബ്രാഹ്മണർ ക്ഷേത്രങ്ങളിൽ ശിവലിംഗം വെക്കുകയും പിന്നീട് ബാബയ്ക്ക് പൂജ ചെയ്യുകയും ചെയ്യുന്നു. നമ്മൾ ആ ബാബയുടെ മക്കളാണ്. ഹേ പരമപിതാ പരമാത്മാ എന്ന് വിളിക്കാറില്ലേ. ബാബ നിരാകാരനാണ്, ആത്മാവും നിരാകാരനാണ്. ശിവന്റെ അടുക്കൽ ചെല്ലുമ്പോൾ പരമപിതാ പരമാത്മാ നിരാകാരനായ ശിവൻ എന്ന് പറയുന്നു. ഇത് ഇന്ദ്രിയങ്ങളിലൂടെ ആത്മാവാണ് പറയുന്നത്. നല്ല കർമ്മങ്ങൾ ചെയ്ത് പോകുകയാണെങ്കിൽ അവർക്ക് മഹിമ ഉണ്ടാകുന്നു എന്നും ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം. അങ്ങ് തന്നെ മാതാവും പിതാവും എന്ന് ഇപ്പോൾ ആ നിരാകാരനേ തന്നേയാണ് പറയുന്നത്. സഹജ രാജയോഗത്തിലൂടേയും ജ്ഞാനശിക്ഷണത്തിലൂടേയും ഞങ്ങൾ സുഖ സമ്പത്ത് നേടുന്നു. അതിന് വേണ്ടിയാണ് നിങ്ങൾ പുരുഷാർത്ഥം ചെയ്യുന്നത്. എത്ര സഹജമായ കാര്യമാണ്. പ്രജാപിതാ ബ്രഹ്മാവിന്റേ മക്കളായ പ്രാക്ടിക്കൽ ബി.കെ കൾ സന്മുഖത്തിരിക്കുന്നു. ശിവ ബാബയുടേയും, ബ്രഹ്മാബാബയുടേയും, രണ്ട് പേരുടേയും മുന്നിലാണ്. ശിവബാബയ്ക്ക് സ്വന്തം ശരീരം ഇല്ല. ശിവബാബ ഇദ്ദേഹത്തിന്റെ മുഖത്തിലൂടെ രാജയോഗം പഠിപ്പിച്ച് കൊണ്ടിരിക്കുന്നു എന്ന് നിങ്ങൾക്കറിയാം. കൃഷ്ണൻ ചെറിയ കുട്ടിയാണ്, ദേഹ സഹിതം ദേഹത്തിന്റെ സർവ്വ സംബന്ധങ്ങളേയും മറക്കൂ, സ്വയം ആത്മാവെന്ന് മനസിലാക്കൂ എന്ന് ആ കുട്ടി എങ്ങിനെ പറയും. ഇത് കൃഷ്ണന് പറയാൻ സാധിക്കില്ല. ഇത് ബാബക്ക് മാത്രമാണ് പറയാൻ കഴിയുക. എങ്കിൽ അത് വളരെ വലിയ തെറ്റാണ് സംഭവിച്ചത്. ലക്ഷ്മീ–നാരായണൻ മുതൽ ഏത് പോലെ രാജാവും റാണിയും അതു പോലെ തന്നേയായിരുന്നു പ്രജയും, അവർക്കെല്ലാം സുഖം ലഭിച്ചിരുന്നു. അവർ തന്നേയാണ് 84 ജന്മം എടുത്ത് തമോപ്രധാനമായത്. പ്രധാനം ലക്ഷ്മീ–നാരായണനായിരുന്നില്ലേ. ഏതുപോലെ രാജാവും റാണിയും അത് പോലെ പ്രജയും. ഇപ്പോൾ വീണ്ടും നിങ്ങൾ വന്ന് ശൂദ്രനിൽ നിന്നും ബ്രാഹ്മണനാകുന്നു. ഇത് നിങ്ങളുടെ അധിജന്മമാണ്. അധികം എന്ന് പറയുന്നത് ധാർമ്മിക ജന്മത്തെയാണ്. ഇത് ഞങ്ങളുടെ ഈശ്വരീയ ജന്മമാണ് എന്ന് നിങ്ങൾക്കറിയാം. ദിനം പ്രതിദിനം ബാബ പുതിയ പുതിയ പോയന്റുകൾ മാനസിലാക്കി തരുന്നു. ഏത് വരെ ജീവിക്കുന്നുവോ അന്തിമം വരെ നിങ്ങൾ പഠിക്കുക തന്നെ വേണം. പോയന്റുകൾ വന്ന് കൊണ്ടിരിക്കും, കൂട്ടി ചേർത്ത് കൊണ്ടിരിക്കുന്നു. ജ്ഞാന യജ്ഞവും അവസാനം വരെ പോകണം. രുദ്ര യജ്ഞം ഉണ്ടാക്കുന്നു, മണ്ണിന്റെ സാലീഗ്രാമങ്ങൾ ഉണ്ടാക്കി പൂജ ചെയ്യുന്നു. ആത്മാവിന്റെ പൂജയാണ് ഉണ്ടാകുന്നത്. നിങ്ങൾ ജീവാത്മാക്കൾ തന്നേയാണ് ഭാരതത്തെ കിരീടധാരിയാക്കിയത്, ആത്മാക്കളുടെ പൂജയാണ് ചെയ്യുന്നത്. പരമപിതാ പരമാത്മാവായ ബാബയോടൊപ്പം നിങ്ങളും സേവനം ചെയ്യുന്നു, അതിനാൽ ശിവലിംഗത്തോടൊപ്പം സാലീഗ്രാമം ഉണ്ടാക്കുന്നു. എങ്കിൽ മുഖ്യമായും ഏറ്റവും ആദ്യം ബാബയുടെ പരിചയം നൽകണം. ശിവബാബ ജന്മം എടുക്കുന്നു എന്നാൽ അമ്മയുടെ ഗർഭത്തിലൂടെ അല്ല ജന്മമെടുക്കുന്നത്. ബാബ നിരാകാരനാണ്. ഏതെങ്കിലും ആത്മാവ് ശരീരം ഉപേക്ഷിക്കുകയാണെങ്കിൽ പിന്നീട് അവരുടെ ആത്മാവിനെ ശ്രാദ്ധം കഴിപ്പിക്കുന്നതിന് വേണ്ടി വിളിക്കുന്നു. ആത്മാവിനെ കഴിപ്പി ക്കുന്നു. ആത്മാവ് തന്നേയാണ് സ്വാദ് എടുക്കുന്നത്. കയ്പ്, മധുരം, സുഖം ദു:ഖങ്ങൾ എല്ലാം ആത്മാവ് തന്നേയാണ് അനുഭവിക്കുന്നത്. ആത്മാവിൽ തന്നേയാണ് സംസ്ക്കാരവും. ശരീരമുള്ളപ്പോഴാണ് ആത്മാവ് സുഖം അല്ലെങ്കിൽ ദു:ഖം അനുഭവിക്കുന്നത്. ശിക്ഷ എങ്ങിനെ ലഭിക്കുന്നു എന്നും ബാബ മനസിലാക്കി തരുന്നു. സൂക്ഷ്മ ശരീരത്തിലല്ല, സ്ഥൂല ശരീരം ധാരണ ചെയ്യിച്ച് ശിക്ഷ നൽകുന്നു. ഗർഭ ജയിലിൽ ശിക്ഷ അനുഭവിക്കുന്നു. അയ്യോ, അയ്യോ മതിയായി, എന്നെ പുറത്ത് കൊണ്ട് വരൂ എന്ന് പറയുന്നു. ഗർഭ കൊട്ടാരത്തിന്റെ ഉദാഹരണവും പറഞ്ഞിട്ടില്ലേ, പുറത്ത് വരാനേ ആഗ്രഹിക്കുന്നില്ല. ഇത് ഉദാഹരണമാണ്. സത്യയുഗത്തിൽ ഗർഭവും കൊട്ടാരത്തെപ്പോലെയാണ്. അവിടെ യാതൊരു പാപവും ഉണ്ടാകുന്നില്ല. ഇപ്പോൾ നിങ്ങൾക്കറിയാം എങ്ങിനെ പതിതരായി എന്ന്. അജാമിളനേ പോലെ പതിതർ എന്ന് പേര് തന്നേ ഉണ്ട്. വളരെ പാപങ്ങൾ ചെയ്യുന്നു. പാവനം എന്നാൽ നിർവ്വികാരി. പ്രധാന കാര്യം വികാരത്തിന്റേതാണ് അതിനാൽ പവിത്രമാകുന്നതിന് വേണ്ടി സന്യാസിമാർ വീടും കുടുംബവും ഉപേക്ഷിക്കുന്നു അതിനാൽ അവരെ മഹാത്മാക്കൾ എന്ന് വിളിക്കുന്നു. മനുഷ്യർ മുഴുവൻ പതിതരാണ് അതിനാൽ പതിത പാവന സീതാരാം എന്ന പാടി കൊണ്ടിരിക്കുന്നു, രഘുപതി രാഘവ രാജാറാം... രാജാരാമൻ എന്നൊന്നും ശിവബാബയെ പറയില്ല. രാമൻ എന്ന് പരമപിതാ പരമാത്മാവിനേയാണ് പറയുന്നത്. രാജാരാമൻ അല്ല.

ഞാൻ രാജാവോ മഹാരാജാവോ ആകുന്നില്ല. മഹാറാണി ശ്രീലക്ഷ്മിയും, മഹാരാജാ നാരായണനും നിങ്ങളാണ് ആകുന്നത്, ഞാനല്ല. ഞാൻ നിരാകാരനും പുനർജന്മം ഇല്ലാത്തവനും ആണ്. ശരീരധാരികളെല്ലാം തന്നെ പുനർജന്മമെടുത്ത് കൊണ്ടിരിക്കും. ബാബ പറയുന്നു ഞാൻ നിരാകാരനാണ്. എനിക്കും പ്രകൃതിയെ ആധാരമായെടുക്കേണ്ടി വരുന്നു. ഞാൻ ഗർഭത്തിൽ  പ്രവേശിക്കുന്നില്ല, ഇദ്ദേഹത്തിൽ  പ്രവേശിക്കുന്നു. ഇവർ സ്വന്തം ജന്മങ്ങൾ അറിയുന്നില്ല.

നിങ്ങൾ ദേവീ ദേവതമാരായിരുന്നു, പിന്നീട് ശൂദ്രരായി, ഇപ്പോൾ നിങ്ങൾ ബ്രാഹ്മണനായി എന്ന് ബാബയിരുന്ന് മനസിലാക്കി തരുന്നു. ഞാൻ നിങ്ങൾക്ക് മനസിലാക്കി തരുന്നു. നിങ്ങൾ നിങ്ങളുടെ ജന്മങ്ങൾ അറിയുന്നില്ല. ബ്രാഹ്മണരാകുന്നവർ തന്നേയാണ് വന്ന് മനസിലാക്കുന്നത്. ബാബ പറയുന്നു ഈ പ്രകാരത്തിൽ  നിങ്ങൾ 84 ജന്മം പൂർത്തിയാക്കി. 21 കുലത്തിലേക്ക് സമ്പത്ത് എന്ന് പറയാറുണ്ട്. പരിധിയില്ലാത്ത അച്ഛൻ പരിധിയില്ലാത്ത സുഖത്തിന്റെ സമ്പത്ത് തരികയില്ലേ. ലൗകീക അച്ഛനിൽ  നിന്ന് അൽപ്പകാല സുഖത്തിന്റെ സമ്പത്ത് ലഭിക്കുന്നു. അമര ലോകത്ത് ആദി മദ്ധ്യ അന്ത്യം സുഖമായിരിക്കും. ഇവിടെ ആദി മദ്ധ്യ അന്ത്യം ദു:ഖമാണ്. അമരനാഥനായ ശിവബാബ നിങ്ങൾ പാർവ്വതിമാരെ അമരകഥ കേൾപ്പിക്കുന്നു. സത്യനാരായണന്റെ കഥയും കേൾപ്പിക്കുന്നു. ജ്ഞാനത്തിന്റെ മൂന്നാം കണ്ണ് നൽകിയ കഥ. ഭാരതവാസികൾ സദാ സുഖികളും വളരെ പവിത്രരും ആയിരുന്നു. പവിത്രതയും, ആരോഗ്യവും, സമ്പത്തും ഉണ്ടായിരുന്നു. ഒരിക്കലും യാതൊരു അസുഖവും ഉണ്ടായിരുന്നില്ല. പേര് തന്നെ സ്വർഗ്ഗം എന്നല്ലേ. ഭാരതമായിരുന്നു പ്രാചീന സ്വർഗം മറ്റ് ധർമ്മ ഖണ്ഡങ്ങളൊന്നും തന്നെ ആദിയിൽ  അവിടെ ഉണ്ടായിരുന്നില്ല. വൃക്ഷത്തിന് തടിമരമുണ്ടല്ലോ.തടിയിൽ ആരായിരുന്നു?  ദേവീ ദേവതമാരുടെ ചിത്രമുണ്ട്. അവരായിരുന്നു അടിത്തറ. എന്നാൽ സ്വയം ദേവീ ദേവതാധർമ്മത്തിൽ ഉള്ളവർ എന്ന് പറയില്ല. ഇപ്പോൾ അവരുടെ രാജധാനി സ്ഥാപിതമായികൊണ്ടിരിക്കുന്നു. നിങ്ങൾ സത്യയുഗത്തിലെ രാധാ–കൃഷ്ണന്റെ ജോടികളാകാൻ കഴിയും. വരൂ, എങ്കിൽ ഞങ്ങൾ നിങ്ങൾക്ക് മനസിലാക്കി തരാം – നിങ്ങൾക്കെങ്ങിനെ സത്യം സത്യമായ രാജകുമാരനായി തീരാം എന്ന്. ഈ സമയം എല്ലാവരും പതിതരാണ്, ഏതെങ്കിലും യുക്തിയോടെ എഴുതാൻ സാധിക്കും. എല്ലാ ധർമ്മങ്ങളും ഒരുമിച്ച് ഒറ്റ ധർമ്മമായി തീരും എന്ന് പറയാറുണ്ട്, എന്നാൽ  ഇതെങ്ങിനെ സാദ്ധ്യമാകും? ഒരു ധർമ്മം സത്യയുഗത്തിൽ മാത്രമായിരുന്നു, ഒരു മതം ഒരു ഭാഷ. കൈകൾ കൂട്ടി അടിച്ചിരുന്നില്ല.(വഴക്കിട്ടിരുന്നില്ല.) വിശ്വത്തിന്റെ അധികാരികളായിരുന്നു, മറ്റ് ധർമ്മങ്ങളൊന്നും ഉണ്ടായിരുന്നില്ല. അവ എങ്ങിനെ ഉണ്ടായി, പിന്നീട് മറ്റ് ധർമ്മങ്ങൾ എങ്ങിനെ വന്നു – ഇത് ആരുടെ ബുദ്ധിയിലും വരുന്നില്ല. എപ്പോൾ പൂർണമായും പതിതരാകുന്നുവോ അപ്പോഴാണ് പതിത പാവനനായ ബാബ വരുന്നത്, മറ്റ് ധർമ്മങ്ങളിലെ പാവന ആത്മാക്കളും മുകളിൽ നിന്ന് വരുന്നു. ആദ്യം ധർമ്മ സ്ഥാപകൻ വരുന്നു പിന്നീട് തന്റെ പിറകെ മറ്റുള്ളവരേയും വിളിക്കുന്നു, വരൂ. അവർക്ക് സതോ, രജോ തമോവിൽ വരണം. ആരെല്ലാം വരുന്നുവോ അവർക്കെല്ലാം സതോ, രജോവിലൂടെ പിന്നീട് തമോവാകണം. എന്നാൽ ഇപ്പോൾ നിങ്ങൾ പതിതത്തിൽ നിന്ന് പാവനമാകുന്നു. ഗോഡ്ഫാദർ വരൂ, ഞങ്ങളെ സ്വർഗത്തിൽ  കൊണ്ട് പോകൂ എന്ന് എല്ലാവരും വിളിക്കുന്നു. ആ സ്വർഗ്ഗത്തെ ചിലർ മുക്തി എന്നും, ചിലർ ജീവന്മുക്തി എന്നും മനസിലാക്കുന്നു. ജീവന്മുക്തിക്കാണ് സ്വർഗ്ഗം എന്ന് പറയുന്നത് എന്ന് നിങ്ങൾ മനസിലാക്കുന്നു. നിങ്ങളുടെ തൈ നടീലാണ് നടന്ന് കൊണ്ടിരിക്കുന്നത്. അവർ മുൾ കാടുകളുടെ തൈനടീലാണ് നടത്തുന്നത്. രാവും പകലും തമ്മിലുള്ള വ്യത്യാസമുണ്ട്. അതിന്റേയും ഉത്സവം ആഘോഷിക്കുന്നു. വനോത്സവം വൃക്ഷങ്ങൾ നടുന്നതിന്റെ ഉത്സവമായി ആഘോഷിക്കുന്നു. നിങ്ങൾ ദൈവീക ധർമ്മം സ്ഥാപിക്കുന്നതിന്റെ അതായത് ഭാരതത്തെ സ്വർഗ്ഗമാക്കുന്നതിന്റെ ഉത്സവം ദിവസവും ആഘോഷിക്കുന്നു. ദിവസവും മനുഷ്യനിൽ  നിന്ന് ദേവതയാക്കി മാറ്റുന്നതിന്റെ പുരുഷാർത്ഥം ചെയ്യുന്നു. മുള്ളുകളെ പുഷ്പങ്ങളാക്കുക – ഇത് നിങ്ങളുടെ ദിവസവും ഉള്ള ഉത്സവമാണ്. ഭഗവാൻ പിന്നീട് അത്രയും പ്രതിഫലവും നൽകും.

കുട്ടികൾ ഗീതം കേട്ടില്ലേ – ഹേ ആത്മാവേ തന്റെ മനോദർപ്പണത്തിൽ  നോക്കൂ – നിങ്ങൾ സ്വർഗ്ഗത്തിലെ ദേവതയാകുന്നതിന് അഥവാ ലക്ഷ്മിയെ വരിക്കുന്നതിന് യോഗ്യരാണോ? യാതൊരു അവഗുണവും ഇല്ലല്ലോ? കൊടുങ്കാറ്റുകൾ ധാരാളം വരും. മായ ആരേയും വിടില്ല. വലിയ വലിയ ദീപങ്ങളേ പോലും അണക്കുന്നു. തല തിരിഞ്ഞ സങ്കൽപ്പങ്ങൾ വളരെ യുദ്ധം ചെയ്യും. ശക്തിശാലിയായി ഇരിക്കണം. ഇതിൽ വിഷമിക്കേണ്ട കാര്യമില്ല. ബാബയോടുള്ള യോഗം മുറിക്കരുത്. ആ  ബാബ  എല്ലാവരുടേയും തോണിക്കാരനാണ്. വിഷയ വൈതരണിയുടെ വലിയ കനാലാണ്. അതിനെ നിങ്ങൾക്ക് യോഗബലത്തിലൂടെ മറികടക്കാൻ സാധിക്കും. വിഷയ സാഗരം മറികടന്ന് നിങ്ങൾ ക്ഷീരസാഗരത്തിൽ  പോകും. വിഷ്ണുവിന്റെ രാജ്യം പാൽ കടലാണ് അതായത് നെയ്യിന്റെ നദിയാണ് ഒഴുകുക. ഇവിടെ മണ്ണെണ്ണ, രക്ത നദികളാണ് ഒഴുകുന്നത്.

നിങ്ങൾ കുട്ടികൾക്കറിയാം ഞങ്ങൾ ശിവബാബയുടെ ശ്രീമതത്തിലൂടെ ശിവാലയത്തിലേക്ക് പൊയ് കൊണ്ടിരിക്കുന്നു എന്ന്, അവിടെ ഞങ്ങൾ സദാ സുഖികളായിരിക്കും. നിങ്ങൾ സദാ സുഖികളായിരുന്നു, മായ ദു:ഖികളാക്കി തീർത്തു. ഗൃഹസ്ഥ വ്യവഹാരത്തെ അധർമ്മിയാക്കി. അവിടെ ഗൃഹസ്ഥ വ്യവഹാരം ധർമ്മികമായിരുന്നു. ഇപ്പോൾ നിങ്ങളെ ബാബ ശ്രേഷ്ഠാചാരീ ദൈവീക ഗൃഹസ്ഥ ധർമ്മത്തിൽ പെട്ടവരാക്കി തീർത്തു കൊണ്ടിരിക്കുന്നു. ഏറ്റവും ആദ്യം വേണ്ടത് ബാബയുടെ പരിചയമാണ്. നിങ്ങൾ ബാബയുടേതാകുന്നതിലൂടെ സ്വർഗത്തിലെ അധികാരിയായി മാറുന്നു. ഇത് ദു:ഖധാമാണ്. നിങ്ങൾ മുക്തീധാം വഴി സ്വർഗത്തിൽ എത്തുന്നു. അതിനാൽ ശിവപുരിയേയും, വിഷ്ണുപുരിയേയും ഓർമ്മിക്കൂ. ഓർമ്മിച്ചോർമ്മിച്ച് അന്തിമ ഗതി ശ്രേഷ്ഠമായി തീരും. ഞങ്ങളുടെ 84 ജന്മം പൂർത്തിയായി എന്ന് ഓർമ്മിക്കൂ. വീണ്ടും ഞങ്ങൾ നാളെ വന്ന് രാജ്യം ഭരിക്കും, മനോദർപ്പണത്തിൽ സ്വന്തം രൂപം നോക്കി കൊണ്ടിരിക്കൂ, എന്നിൽ യാതൊരു അവഗുണവും ഇല്ലല്ലോ എന്ന്. ശരി !

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) യോഗ ബലത്തിലൂടെ വിഷയ സാഗരത്തിന്റെ വലിയ കനാലിനെ മറികടക്കണം. തലതിരിഞ്ഞ സങ്കല്പങ്ങളിൽ വാടി പോകരുത്. ശക്തിശാലിയായി ഇരിക്കണം.

2) പൂജനീയരായി തീരുന്നതിന് വേണ്ടി ബാബയോടൊപ്പം ഭാരതത്തെ കിരീടധാരിയാക്കുന്നതിന്റെ സേവനം ചെയ്യണം.

## വരദാനം:- ട്രസ്റ്റിയായി ലൗകിക ഉത്തരവാദിത്വങ്ങളെ നിറവേറ്റിക്കൊണ്ടും അക്ഷീണരായി കഴിയുന്ന ഡബിൾ ലൈറ്റായി ഭവിക്കൂ

ലൗകിക ഉത്തരവാദിത്വങ്ങളെ നിറവേറ്റിക്കൊണ്ടും സേവനത്തിന്റെ ഉത്തരവാദിത്വവും നിറവേറ്റണം ഇതിന്റെ ഡബിൾ ലാഭം ലഭിക്കുന്നു. ഡബിൾ ഉത്തരവാദിത്വം ഉണ്ടെങ്കിൽ ഡബിൾ പ്രാപ്തിയുമുണ്ട്. എന്നാൽ ഡബിൾ ഉത്തരവാദിത്വം ഉണ്ടായിട്ടും ഡബിൾ ലൈറ്റായി കഴിയുന്നതിന് വേണ്ടി സ്വയം ട്രസ്റ്റിയാണെന്ന് മനസ്സിലാക്കി ഉത്തരവാദിത്വം നിറവേറ്റൂ എങ്കിൽ ക്ഷീണത്തിന്റെ അനുഭവം ഉണ്ടാകുകയില്ല. ആരാണോ എന്റെ ഗൃഹസ്ഥം, എന്റെ പ്രവൃത്തി എന്ന് മനസ്സിലാക്കുന്നത് അവർക്ക് ഭാരത്തിന്റെ അനുഭവം ഉണ്ടാകുന്നു. തന്റേത് തന്നെയല്ലെങ്കിൽ ഭാരം ഏത് കാര്യത്തിന്റേതാണ്.

## സ്ലോഗൻ:- സദാ ജ്ഞാന സൂര്യന്റെ സന്മുഖത്തിരിക്കൂ എങ്കിൽ ഭാഗ്യമാകുന്ന നിഴൽ താങ്കളോടൊപ്പം ഉണ്ടായിരിക്കും.